# കുട്ടിപ്പട്ടം




## എൻ എച്ച് എസ് എസ് വട്ടോളി

**Chief Editor**
K V Sasidharan (The Head Master)

**Editor**
P S Sreelakshmi (LK Unit Leader)

**Staff Editor**
A Prajeesh (KITE Mater)

**Sub Editor**
S Anurudh

**Advisory Body**
P Abdul Nasar
K P Rajeesh Kumar
K Rekha

**Members**
Nishana Uvais
Amruthapriya
Ambika Padman
Vishnu
Kalidasan

**Cover**
Theertha Prakash
Hana Fathima

**Layout & Printing**
N Surjith
P S Dinajyoth

**അ**ക്ഷരങ്ങളുടെ കൂട്ടുകാരേ,

**സാ**ങ്കേതിക വിദ്യ വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാല ഘട്ടത്തിൽ കുട്ടികളുടെ കഴിവ് പരിപോഷിപ്പിക്കുന്നതിനായ് ഗവൺമെന്റ് മുന്നോട്ടുവച്ച, ഇന്ന് ഇന്ത്യയിൽ നിലവിലുള്ള കുട്ടികളുടെ ഏറ്റവും വലിയ ഒരു ഐ.ടി സന്നദ്ധസംഘ ടനയാണ് ലിറ്റിൽ കൈറ്റ്സ്. സ്കൂൾ പരിപൂർണ്ണമായും സങ്കേതികവൽക്കരിക്കപ്പെടുന്നതിൻറ ഭാഗമായി കുട്ടികളിൽ വിവര സാങ്കേതികവിദ്യയുടെ ഗഹനമായ അറിവ് നേടുന്ന തിനാണ് ഈ പദ്ധതി. വളരെ കുറഞ്ഞ കാലഘട്ടത്തിനുള്ളിൽ സാമൂഹിക–സാംസ്കാരിക–സാങ്കേതിക മേഖലകളിൽ ഒട്ടനവധി സ്വാധീനം ചെലുത്താൻ ലിറ്റിൽ കൈറ്റ്സിന് സാധിച്ചിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2018-2019 വർഷങ്ങളിൽ ലിറ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിൽ നടത്തിവരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം. വിദ്യാർത്ഥികളെ മുൻനിർത്തി, അവരുടെ കലാ സാഹിത്യ കഴിവുകളെയും സാങ്കേതിക വിദ്യയേയും കോർത്തിണക്കി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "കുട്ടിപ്പട്ടം"എന്ന ഡിജിറ്റൽ മാഗസിൻ ഇ-വായനക്കാർക്കായ് സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

എഡിറ്റർ

**ശ്രീലക്ഷ്മി പി എസ്**



# FOUNDER MANAGER
## Dr. P P Padmanabhan



ഡോ.പി.പി.പത്മനാഭൻ

**VISITORS' BOOK**

*Iam very glad to have got an opportunity to visit the Vattoli National High School And open the New Block today. I find that the high school is situated entirely in the rural area and it is the result of the work of enthusiastic citizens like Dr.Padmanabhan. I wish the school authorities all success in their efforts.*

*K.Kamaraj*
*Chief Minister, madras.*

*May 3, 1955*



**V M Chandran**
**The Manager**
**National School Society Vattoli**



**K V Sasidharan**

**The Head Master**

# Little KITEs Unit

## LK/2018/16061



**Prajeesh A**

KITE Master



**Sreelakshmi P S**

LK Unit Leader



**Rekha K**

KITE Mistress

## Group Leaders



**Ambika Padman**



**Amrithapriya**



**Nishana Uvais**



**Theertha Prakash**



**Kalidasan S**



**Vishnu.M.V.**

# LK Unit Members



Abhinav



Adil Pavithran



Adithya krishna



Agneya.S.A.



Aiswarya



Amaya Chandran



Anirudh.S



Asha Lakshmi D.S.



Avishna.S



Awani Dinesh



Aysha Naseeha



Devapriya.P.T



Devapriya.K.



Dinajyoth.P.S.




Harika Ramesh



Harinandh.P



Malavika.S.R.



Manav Dathan



Nandana.K.V



Niranjana. S.



Nishana Uvais



Punya Rajesh. P



Rithun Raj. C.P



Sana Fathima



Saniya B.V



Sanjana .N.C



Sharlin.K.K



Sivachandana



Sneha.V.K



Surjith.N



Vishnupriya



Vyshna



# താളുകളിലൂടെ....

.

..........10
പുഴക്കാഴ്ച..........11
ഒരു പുഞ്ചിരിയുമായ്..........12
ചങ്ങാതി..........17
WHEN YELLOW LEAVES FALL..........17
മാമ്പഴക്കാലം..........20
Dew drops..........20
Rays Through the Woods..........23
എന്റെ വിദ്യാലയം..........24
പരിണാമം..........29
അമ്മ..........30
സ്നേഹചിത്രങ്ങൾ..........31
ജെ.ആർ.സി..........33
ആകാശങ്ങൾ തേടി ലിറ്റിൽ കൈറ്റ്സ്..........34
എൻ.സി.സി ക്ക് സുവർണ്ണ തിളക്കം..........39
സ്കൗട്ട് & ഗൈഡ്സ്..........40
എന്നും തികട്ടുന്ന കടുക്ക ഫ്രൈ..........41
സ്കൂൾ കലോത്സവം..........44
വിജയരഥത്തിലേറി..........47
ക്ലബ്ബ് സിംഫണി..........49
എന്റെ വീട്..........50
വാർത്തകളിൽ..........51
സ്നാപ്ഷോട്ട്സ്..........52

കവിത

## പുഴക്കാഴ്ച

കുന്നിൻച്ചെരിവിലൂടൊഴുകും പുഴയിലെ
കുഞ്ഞോളങ്ങൾ തഴുകും ശിലയിൽ ഞാൻ
കാത്തിരുന്നു ചെറു മീനിൻ കിടാങ്ങളെ
കണ്ടതില്ലല്ലോ മീൻകിടാവൊന്നിനെ
ചുറ്റും വിഷം ചീറ്റിയമ്ലവർഷം പെയ്തു
കാറ്റിൽ കരിപൊടി രാസധൂമം ചാർത്തി
മലചുരന്നൊഴുകുന്ന നീർച്ചാലിലൊക്കെയും
മർത്യൻ തളിച്ചതാം വിഷതുള്ളികൾ മാത്രം
പുഴയോ വെറും വിഷലിപ്തമാം നീർച്ചാൽ
പരിശുദ്ധമെന്നെൻെറ സ്വപ്നമല്ലോ!
പിന്നെയീ പാറച്ചെരുവിലിരുന്നു ഞാൻ
എന്തിനീ മീൻ നിഴൽ നോക്കിടേണം.

**ഋഷിചന്ദ്**
9 G

കഥ

# ഒരു പുഞ്ചിരിയുമായ്...

അന്ന് അതൊരു വെള്ളിയാഴ്ചയായിരുന്നു. രാവിലെ തന്നെ സ്കൂൾ സ്റ്റാഫ്റൂമിൽ വല്ലാത്തൊരു ബഹളം. അധ്യാപകർ മാത്രമല്ല, എന്താണെന്നറിയാതെ കുട്ടികളും പരിഭ്രമത്തോടെ എത്തി നോക്കുന്നുണ്ടായിരുന്നു.ആ അധ്യാപകരുടെ ശകാരങ്ങൾക്കും അഭിപ്രായങ്ങൾക്കും നടുവിൽ തന്റേതായ ഒരു പ്രതികരണവും ഇല്ലാതെ ആൻമരിയ ടീച്ചർ ഇരിക്കുകയാണ്. പ്രധാനധ്യാപകന്റെ  കാറൊച്ച കേട്ടപ്പോഴേ എല്ലാവരും അതാത് സ്ഥാനത്തിരുന്ന് പല  ജോലികളിലേർപ്പെട്ടു. അദ്ദേഹം ആ ബേറും തൂക്കി ആൻമരിയ ടീച്ചറുടെ അടുക്കലേക്ക് നടന്നു. "അന്ന ടീച്ചറെ എന്തൊക്കെ പരാതികളാണ് ദിവസവും നിങ്ങളുടെ ക്ലാസ്സിനെപ്പറ്റി കേൾക്കുന്നത് ? തലതെറിച്ച ആ പിള്ളേരെ ഇനിയും നിലക്ക് നിർത്താൻ അറിയില്ലേ" ടീച്ചർ പരിഭ്രമത്തോടെ ആ കസേരയിൽ നിന്നെഴുന്നേറ്റു. അപ്പോഴാണ് അവിടെ കൂടി നിന്ന വിദ്യാർത്ഥികൾക്ക് തങ്ങളെ പറ്റിയുള്ള പരാതി പറച്ചിലായിരുന്നു രാവിലത്തെ ബഹളത്തിനു കാരണമെന്ന് മനസ്സിലായത്. ഉടനെതന്നെ ഒരൊറ്റയോട്ടം.

പ്രധാനാധ്യാപകന്റെ ചോദ്യത്തിനും അന്ന ടീച്ചർ മറുപടിയൊന്നും പറഞ്ഞില്ല. പരാതിപറച്ചിലും അതിനു പുറമെ ടീച്ചറുടെ മൗനവും കണ്ടപ്പോൾ ദേഷ്യം ഒന്നു കടിച്ചമർത്തി അദ്ദേഹം തന്റെ മുറിയിലേക്ക് പോയി. തിരിച്ചുവന്നത് നല്ല കട്ടിയുള്ള ചൂരലുമായിട്ടായിരുന്നു. ഇനി ആ പിള്ളേരെ നേരെയാക്കാൻ ഇതുകൊണ്ടു മാത്രമേ കഴിയൂ,ഇതാ ആ വടി അന്നടീച്ചർക്ക് നേരെ നീട്ടി. തന്റെ ആറ് വർഷത്തിനിടയിൽ കൈ കൊണ്ടുപോലും താൻ ഒരു വിദ്യാർത്ഥിയെ നോവിച്ചിട്ടില്ല. ഇന്നിപ്പോൾ ചൂരൽ... എന്തു ചെയ്യണമെന്നറിയാതെ ഒരു നിമിഷം പകച്ചുപോയി. പ്രതാനാധ്യാപകന്റെ വാക്കുകൾ അനുസരിക്കുകയല്ലാതെ നിവൃത്തിയില്ല. ജീവിതത്തിലാദ്യമായി ടീച്ചർ കൈയ്യിലേക്ക് ചൂരൽ ഏറ്റുവാങ്ങി. തന്റെ മേശപ്പുറത്തെ സാമൂഹ്യ ശാസ്ത്രത്തിന്റെ

പുസ്തകമെടുത്ത് ടാച്ചർ ക്ലാസ്സിലേക്ക് നടന്നു. എന്നും പോകാറുള്ള ആ വരാന്തയിലൂടെ എന്നത്തേയും പോലെ പിഞ്ചിരിച്ചുകൊണ്ട്, പക്ഷെ ഒരു ചെറിയ മാറ്റം .......

ആ ചൂരൽ അത് ആകൈകെകൾക്ക് ഒരു പുതുമയായിരുന്നു.തന്റെ ക്ലാസ്സിനുമുന്നിലെത്തിയപ്പോൾ ടീച്ചർ അമ്മയുടെ വാക്കുകൾ ഓർത്തുപ്പോയി " പണ്ടൊക്കെ പറയാറുണ്ട് പൂച്ച കുറുകെ ചാടുന്നത് ഒരു ദുശ്ശകുനമാണെന്ന്"അന്ന് രാവിലെ തന്റെ സ്കൂട്ടിക്കുമുന്നിൽ ചാടിയ ആ കറുമ്പൻ പൂച്ചയെ മനസ്സിലറിയാതൊന്നു ശപിച്ചുപോയി. ഇല്ലായിരുന്നെങ്കിൽ ഇന്നിതൊന്നും സംഭവിക്കുമായിരുന്നില്ല. വരാന്തയിലെ ചുമരിനരികിലേക്ക് കയറി. ആദ്യ കാൽച്ചുവടിൽ തന്നെ ഡെസ്റ്റർ തന്റരികിലേക്ക് വന്നു വീണു. അത് തന്റരികിലേക്കെറിഞ്ഞ അമലിനെ നോക്കി അന്ന ടീച്ചറൊന്നും പുഞ്ചിരിച്ചു. 'ഗുഡ് മോർണിംഗ് ' പറയാൻ നാലഞ്ച് സ്വരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ഭാഗത്ത് പേപ്പർ കീറുന്നു, പിന്നിലെ ബെഞ്ചിലിരുന്ന് കൈമുട്ടി കളിക്കുന്നു. ആകെക്കൂടെ ഒരു ഉത്സവപ്പറമ്പിന്റെ  പ്രതീകം. അപ്പോഴും ശാന്തമായ ഭാഷയിൽ നീറുന്ന മനസ്സോടെ അന്നടീച്ചർ സംസ്സാരിച്ചു. തന്റെ വാക്കുകൾ വക വെക്കാതെ കളി ആവർത്തിച്ചപ്പോഴും ഒരു നോട്ടം കൊണ്ടുപോലും ടീച്ചർ അവരെ വേദനിപ്പിച്ചില്ല. അത്രയ്ക്ക് ഇഷ്ടമായിരുന്നു ആ കുരുന്നു മനസ്സുകളെ. അവരിൽ ടീച്ചർ ഒത്തിരി  പ്രതാക്ഷകൾ അർപ്പിച്ചിരുന്നു. പതുക്കെ ശാന്തമായി തുടങ്ങിയപ്പോൾ കഴിഞ്ഞ ദിവസം എടുത്തുനിർത്തിയതുമുതൽ പാഠം തുടങ്ങി. “ ശരാശരി തുല്യ ഉയരമുള്ള സ്ഥലങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സങ്കല്പക രേഖകളാണ് കേണ്ടൂർ രേഖകളാണ്”."ശരാശരി ..........കേണ്ടൂർ രേഖകൾ”. പറയുന്ന ഓരോ കാര്യങ്ങളും അവർക്കുവേണ്ടി ഒരായിരം തവണ ആവർത്തിക്കാൻ ടീച്ചർ തയ്യാറായിരുന്നു. ആരും ആവശ്യപ്പെട്ടില്ലെങ്കിൽ അവർക്കായ് ടീച്ചർ ആവർത്തിച്ചു പറയും. കോൺടൂർ രേഖകൾ വരയ്ക്കാൻ ബോർഡിനടുത്തേക്ക് ചെന്നപ്പോഴേ പിന്നിൽ നിന്നു വിളിയുയർന്നു. “ നീർക്കോലി ടീച്ചറേ” മെലിഞ്ഞതന്നെ അങ്ങനെ വിളിക്കുന്നതിൽ യാതൊരു തെറ്റുമില്ല. എങ്കിലുട ഒരധ്യാപിക എന്ന പരിഗണനയെങ്കിലും തനിക്ക്

തന്നെ കൂടെ എന്ന് നിസ്സഹായതയോടെ സ്വന്തം മനസ്സാക്ഷിയോട് ടീച്ചർ ചോദിക്കാറുണ്ട്.ആ ഒരു വിളിക്കായ് കാത്തിരിക്കുന്ന എത്രയോ നാവുകൾ അവിടെയുണ്ടായിരുന്നു, ഇങ്ങനെയാണോ ഞങ്ങളോട് പെരുമാറേണ്ടത്" ചിരിച്ചുകൊണ്ട് എന്നും പറയാറുള്ള വാചകം. ഇത് തങ്ങൾക്കൊരു പുത്തരിയല്ല എന്ന പുച്ഛ ഭാവ

ത്തിൽ കളിയവർത്തിക്കുന്ന വിദ്യാർത്ഥികൾ. ഓരോ പേനയെയും ചലിപ്പിക്കാൻ ടീച്ചർ എത്രയോ കഷ്ടപ്പെട്ടു. എന്നിട്ടും പ്രതീക്ഷകൾ കൈവിടാതെ അവരെ നെഞ്ചോട് ചേർത്തു.

ബെല്ലടിക്കായ് കാത്തിരിക്കുകയാണ് വിദ്യാർത്ഥികൾ. അപ്പോഴേക്കും വീണ്ടും അവിടെ ഒരു ഉത്സവപ്പറമ്പായി മാറും. ആ നാൽപ്പത്തഞ്ച് മിനുട്ടുകൾ അന്നടീച്ചർ ഒരു മിനിട്ടിന്റെ വിലയേ ഉണ്ടായിരുന്നപള്ളൂ. കാരണം ഒരു ദിവസം മുഴവനും അവരോടോപ്പം ചിലവഴിക്കാൻ ടീച്ചർ തയ്യാറായിരുന്നു അടുത്തത് എട്ട് സീയിലാണ്. അവിടെയും ടീച്ചറെ സ്നേഹത്തോടെ സ്വീകരിക്കാൻ ആരുമുണ്ടായിട്ടല്ല. അന്ന് ഉച്ചയ്ക്ക് സ്റ്റാഫ്റൂമിലിരിക്കുമ്പോഴും തന്റെ പത്ത് സീയിലെ വിദ്യാർത്ഥികൾ മാത്രമായിരുന്നു മനസ്സിൽ. അവരിലെ മാറ്റങ്ങൾ അത് മാത്രമാണ്. ആ മനസ്സിലെ ആഗ്രഹവും പ്രതീക്ഷയും ഓരോ ദിവസവും അവസാന പിരീടെത്തുമ്പോൾ ടീച്ചർ തന്റെ ക്ലാസിലേക്ക് പോകും. "മക്കളെ , ഇന്നെടുത്തത് നാളെ പഠിച്ചുവരണം ട്ടോ". എവിടെ കേൾക്കാനാണ് ആ ഉത്സവപറമ്പിൽ എന്തു പറഞ്ഞാലാണ് കേൾക്കുക. എന്നാലും പ്രതീക്ഷകളെ കൂടെ നിർത്തി ഒന്നുകൂടെ പറയും. "മക്കൾ , പഠിച്ചു വരണം ട്ടോ "ചിലപ്പോഴൊക്കെ ഒന്നോ രണ്ടോ സ്വരങ്ങളിലൂടെ "ശരി ടീച്ചറേ" എന്ന മറുപടിയുയരും. അന്നേരം പറഞ്ഞറിയിക്കാനാവാത്ത സന്തോഷമാണ് ആ മുഖത്ത്. ദേശീയ ഗാനത്തിൽ പോലും ആ 52 സക്കന്റ് പോലും അടങ്ങിനിൽക്കാൻ അവർക്കുകഴിയില്ല.

വീട്ടിലേക്ക് മടങ്ങുമ്പോൾ എന്നും ചിന്ത നാളയെ പറ്റിയാണ്. നാളയെന്ന ഓരോ

ദിനവും അന്ന ടീച്ചർക്ക് പ്രതീക്ഷകളുടെതാണ് പക്ഷെ എന്നും പ്രതീക്ഷകൾ , നിരാശയ്ക്ക് മുന്നിൽ മുട്ടുകുത്തി. വീട്ടിലെത്തിയാൽ അമ്മ ചോദിക്കും "എന്തായി, അന്നേ നിന്റെ കുട്ടികളുടെ കാര്യം"എന്നും മൂളൽ മാത്രമാണ് മറുപടി. എന്നെങ്കിലും താൻ ആഗ്രഹിക്കുന്ന ആ കുട്ടികളിലെ മാറ്റങ്ങൾ അമ്മയോടൊപ്പം പങ്കുവയ്ക്കാൻ കഴിയുമെന്ന വിശ്വാസത്തിൽ ഓരോ ദിവസവും തള്ളിനീക്കും. മേശക്കരികിലെ ആ

കുഞ്ഞു ഡയറിയിൽ നിരാശകളുടെ ദിവസങ്ങളായിരുന്നു . എന്നും രാവിലെ സ്കൂളിലേക്ക് പുറപ്പെടുമ്പോൾ, രാമനേട്ടന്റെ വീടിനുമുൻമ്പിൽ എത്തിയാൽ ഒരു വേവലാതിയാണ്. എന്നത്തെയും പോലെ ആ കറുമ്പൻ പൂച്ച കുറുകെ ചാടിയാലോ... പക്ഷെ , അന്ന് ആ വെള്ളിയാഴ്ച അതുണ്ടായിരുന്നില്ല. പക്ഷെ അന്നും സ്റ്റാഫ്റൂമിൽ വല്ലാത്തൊരു ബഹളം....... എന്തെന്നറിയാതെ പരിഭ്രമത്തോടെ ടീച്ചർ നടന്നു. പക്ഷെ അത് പരാതിസ്വരമോ ശകാരമോ ആയിരുന്നില്ല. അഭിനന്ദനങ്ങളുടെതായിരുന്നു. പ്രധാനാധ്യാപകൻ ടീച്ചർക്കരികിലേക്ക് നടന്നു. ചിരിച്ചുകൊണ്ട് പറഞ്ഞു "അന്ന നീ വിജയിച്ചു. നിനക്കതിന് കഴിയുമെന്ന് എനിക്കറിയാമായിരുന്നു". അത് പൂർത്തിയാകുമുമ്പേ ടീച്ചർ ഓടി പത്ത് സീയിലേക്ക് തന്റെ പ്രിയപ്പെട്ടവർക്കരികിൽ ....... ' ഗുഡ് മോർണിംഗ് ടീച്ചർ' അന്ന് നാൽപത്തൊന്ന് സ്വരങ്ങളുമുയർന്നു. ഡസ്റ്റർ കൈയ്യിലേക്ക് കൊടുക്കാൻ അമൽ ടീച്ചർക്കരികിലേക്ക് വന്നു. 12 മാസമായി താൻ കാണാനാഗ്രഹിച്ച രംഗം. ആ ഇളം വെയിലിൽ ജനാല കമ്പികളിലൂടെ തന്നെ അഭിനന്ദിക്കാൻ എത്തിയ ആ ഇളം കാറ്റിനോട് ടീച്ചർ ഒന്ന് ചിരിച്ചു. പക്ഷെ അത് എന്നത്തേയും പോലെയായിരുന്നില്ല. ആ മനസ്സിൽ വേദനയ്ക്കു മറവിൽ ഒളിഞ്ഞു കിടന്ന ഒരു പുഞ്ചിരി ........

**അരുണിമ വി പി**

**XII**

കവിത



ശ്രീതാര എസ്
VII E

# ചങ്ങാതി

നീ തനിച്ച് നിൽക്കുന്ന സമയത്ത്,
നിന്റെ അരികിൽ എത്തുന്ന ചങ്ങാതി
നിന്റെ കൂടെ , എൻ കൂടെ ,
അരികിൽ പതിയുന്ന ചങ്ങാതി.

നിന്റെ നോവും നിന്റെ ഉള്ളും അറിയാൻ
നിനക്കായ് വന്ന ചങ്ങാതി
ചിരിക്കും, കരയും, പഠിക്കും എൻ ചങ്ങാതി
എന്റെ ഹൃദയത്തിനുള്ളിൽ പതിഞ്ഞ ചങ്ങാതി .

എന്റെ കൈകോർത്തു പിടിക്കുന്ന ചങ്ങാതി
നല്ല ചങ്ങാതിയ കിട്ടണമെങ്കിൽ എനിക്ക് ഒരു
ആഗ്രഹമുണ്ടെങ്കിൽ ഒന്നെ ഈ ഭൂമിയിൽ ഉള്ളു
അത് ഒറ്റതവണയെ കിട്ടുകയുള്ളു. എൻെറ ചങ്ങാതി

എന്റെ ചങ്ങാതിയാണ്,എന്റെ കൂടെ
എന്നെ വിശ്വസിച്ച് വരുന്ന എന്റെ ചങ്ങാതി..
എന്റെ ചങ്ങാതി......................

Story

# WHEN YELLOW LEAVES FALL

ARATHI KRISHNALAYAM

10-A



**O**nce during a spring season a girl Anna walking through a footpath to her school. Anna is a great admirer of nature. She was a person who likely spend her time being involved with nature. Whenever she walks through the way to school she observes all the trees around all the plants and flowers. She was not a person who had much friend because she was scared to be close to everyone for a reason that her mother and father who loved her so much. When she was left at an orphanage when she was five years old. She never mind being alone. Once during a walk to school she noticed a tree she used to see that tree daily but once she noted a thing very special or a thing that make the tree very different from there. She wondered that I have never seen a tree like this never in my life. She stayed at that that for long time. Standing there for a long she realized that she was late to school. All the way to school her mind were filled with the thoughts of that particular trees. Thinking about that tree she named it and the name was 'Coincidence'. She said these things to one of her friend. Her friend was amazed of what she told and totally confused of the name she told. Her friend asked her what kind of

name is this. Anna told her friend that hear the speciality of that tree and my story you will obviously tell that this is name is a perfect name which could give. Her friend said that then okay you tell me your story and that significance of that tree. Anna started telling. You know something am a person who complete the shed all my sentiments or my tension in night and try to be a new person with full of joy and happiness in front of my relatives in orphanage. They never want to see me sad of simply rethinking of my past. They want me as an agile person. And I can't be an one like they wish and I even can't tell my worries to them. Actually I could say that am in delema. At last i found a solution for my problems cry at might when it is completely dark out and only a single person there on the sky watching at us. Tell him everything our only 'moon' and non coming to the coincidence of the tree and mine the trees leaves blooms every morning when the red blood energetic sun rises and bed a blooming or happiest tree in there group. But i know it has many problems. But no one is there to understand its feeling but I know each leaf of it falls when a lot of meaning or each leave falls never thus, showing its agitation towards the problems that it fall and to stay on the tree. And I know transmit of the leaf from green to yellow is its mood changing or the way the obstacles. And each the leaves fall with may be completely fulfilling the wishes or may be not even starting the wishes. So I could completely say that it is a Coincidence to see a thing that has similarity to my life even if that is a tree.

രണ്ട് കവിതകൾ



അമൃത മനോജ്
VII B

## മാമ്പഴക്കാലം



നാട്ടുമാവിൻ ചോട്ടിലെന്നേ
നീ വിളിച്ചില്ലേ
അന്ന്
നാട്ടുമാങ്ങ വന്നു തിന്നാൻ
നീ വിളിച്ചില്ലേ
കാറ്റുവന്ന് മാങ്ങയെല്ലാം
വീണു പോയപ്പോൾ
അന്ന്
എൻ മനസ്സിൽനിന്നൂർന്നു പോയി
കൊച്ചു കൊച്ചു തേൻത്തുള്ളികൾ....

## മയിൽപ്പീലി

പുസ്തകത്താളിൽ ഞാൻ പൊന്നുപോൽ സൂക്ഷിച്ച
മയിൽപ്പീലി എങ്ങോകളഞ്ഞു പോയി
മിന്നിത്തിളങ്ങുമാപ്പീലിയേയോർത്തു  ഞാൻ
ഒരുപാട് ദു:ഖിച്ചിരിക്കയായ്
ആ നീല വർണവും മിന്നുന്ന കൺകളും
ഓർത്തു കരഞ്ഞു ഞാൻ ഏറെനേരം
ആ മയിൽപ്പീലിയെ ഓർത്തുകരഞ്ഞ ഞാൻ
ദു:ഖത്തിൽ അമ്മയെ ഓർത്തുപോയി...






# Dew drops

Abhinandana

VII

**O**nce upon a time there lived two friends named sunflower and dew drop. The dew drop will always came to the plant,and play with them. They lived happily. But the cloud didn't like their friendship. At last the cloud do not allow the dew drop to come down as rain. The plants are waiting for dew drops, they think why he was not came, they become very sad.

Few days later a dew drop came to down and said "Hey, my dear sunflower and friends our leader cloud announced that it is summer season we could not come down."

Plants become very sad,and said that "Hey my friend it is not summer season it was real rainy season .What can we do?"

Plants asked then, "How did you reach here ? I escaped from the cloud .Dew drop said, plants became very sad. He is destroying our friendship .Oh no!How cruel he is?"

There was an intelligent plant .They said the complaint to it .Intelligent plant asked that you want to say to the cloud that "Can you bring some water from the river"

Dew drop asked “why?”

Listen me; intelligent plant continued he will pass it through the mountain . Yes, How you know that.

Asked dew drop ,plant said “I know that”.

You fastly go to the mountain and tell to him that when cloud passes between you,Mountain don't give permission for cloud to pass through the mountain and you will have to say to the cloud that to leave us and to go near the plants and play “OK.”

“Do you get me?” Yes !the dew drop said it to the mountain and cloud that the intelligent plant said to the dew drops.

The cloud said “Hey my dew drop ,actually I don't like the friendship between you and the plants .But you comes down in the summer season too.”

That is why I don't allow you to come down. The dew drop said it to the plants what could said.


Plants said together to dew drops “ Yes, you don't want to come down in summer season. That will be a disturbance to all creatures .

Yes , OK ,You are right . Dew drop said , “Did the cloud like our friendship ?” Plants asked.

“ Yes , cloud become very good” . Dew drops replied .


At that time clouds comes down and forgive the plants and dew drops . Cloud also become the friend of plants and dew drops .

Acrylic Painting



# Rays Through the Woods

Lagesh GL



# എന്റെ വിദ്യാലയം

പതിറ്റാണ്ടുകളുടെ വിദ്യാഭ്യാസചരിത്രവുമായി വടകര വിദ്യാഭ്യാസ ജില്ലയിലെ കുന്നമ്മൽ ഉപജില്ലയിൽ പ്രവർത്തിക്കുന്ന വട്ടോളി നാഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ യു.പി, ഹൈസ്കൂൾ,ഹയർസെക്കണ്ടറിവിഭാഗങ്ങളിലായി 3000 ത്തോളം വിദ്യാർത്ഥിക്കൾ പഠനം നടത്തുന്നു. 1951 ൽ ഒരു ജനകീയ കൂട്ടായ്മയിലൂടെ സ്ഥാപിതമായ ഈ വിദ്യാലയത്തിന്റെ ഉദ്ഘാടനം നടത്തിയത് നാദാപുരം മുൻസിഫ് ആയിരുന്ന ജസ്റ്റിസ് കെ. ഭാസ്കരമേനോനാണ്. പ്രഥമ മാനേജർ ഡോ.പി പത്മനാഭൻ, ഹെഡ്മാസ്റ്റർ ശ്രീ മൂർക്കോത്ത് ശ്രീനിവാസൻ തുടങ്ങിയ മഹത് പ്രതിഭകളുടെ നേതൃത്വത്തിൽ സ്കൂൾ പ്രവര്ത്തനം ആരംഭിച്ചു. 1955 ൽ മദ്രാസ് മുഖ്യമന്ത്രി ശ്രീ കാമരാജ് നാടാറും 1956 ൽ മദ്രാസ് ഗവർണർ ശ്രീ ശ്രീ പ്രകാശവും കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചതോടെ ഭൗതികസൗകര്യങ്ങളുടെ കാര്യത്തിലും സ്കൂൾ മികവുറ്റതായി മാറി. വിദ്യാഭ്യാസ- സാമ്പത്തിക രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന ഈ മലയോര മേഖലയ്ക്ക് ഉന്നതവിദ്യഭ്യാസം എന്ന സ്വപ്നസാക്ഷാത്കാരത്തിന് ഈ സ്ഥാപനം വഴിയൊരുക്കി. പുരോഗതിയുടെ പതിറ്റാണ്ടുകൾ പിന്നിട്ട് 1998 ൽ സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ആരംഭിച്ചതും 2000 ത്തിൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തിയതും വിദ്യാലയ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളാണ്. പൊതു ജീവിതത്തിന്റെ ഭിന്ന മണ്ഡലങ്ങളിൽ





പ്രതിഭ തെളിയിച്ച ഒട്ടേറെ പൂർവ്വ വിദ്യാർത്ഥികൾഎന്നും ഈ വിദ്യാലയത്തിന്റെ അക്ഷയ സമ്പത്തായി നിലനിൽക്കുന്നു. ഭൗതിക സൗകര്യങ്ങൾ കൊണ്ടും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ മികവു കൊണ്ടും ശ്രദ്ധേയമായ ഈ വിദ്യാലയം കലാ-കായിക- ശാസ്ത്ര-സാംസ്കാരിക മേഖലകളിൽ സംസ്ഥാനതലത്തിലും ദേശീയ തലത്തിലും നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. അന്വേഷിക്കുക, അധ്വാനിക്കുക, ആർജ്ജിക്കുക എന്ന തത്വം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ആത്മാർത്ഥതയും

അർപ്പണബോധവുമുള്ള ഒരു തലമുറയെ സൃഷ്ടിക്കലാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

## സന്നദ്ധ സംഘടനകൾ

എൻ.സി,സി, സ്റ്റുഡന്റ് പോലീസ്, സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി, എൻ. എസ്. എസ് തുടങ്ങിയ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സന്നദ്ധ സംഘടനക ളുടെയും യൂണിറ്റ് ഈ വിദ്യാലയത്തിലുണ്ട്.

## എൻ.സി.സി

രാജ്യത്തിന്റെ പ്രതിരോധ സേനയുടെ ഭാഗവാക്കാനും കുട്ടികളിൽ ദേശീയബോധവും അച്ചടക്കവും വളർത്തിയെടുക്കാനുമുതകുന്ന 30 KERALA BN NCC-188 JD എൻ.സി.സി യൂണിറ്റ് സ്കൂളിൽ 56 വർഷമായി പ്രവർത്തിച്ചുവരുന്നു. 100 അംഗങ്ങളുള്ള ഈ സേനയിൽ 33% പെൺകുട്ടികൾക്ക് സംവരണം ചെയ്തിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ്

പൗരബോധവും ദേശസ്നേഹവും അച്ചടക്കവും നിയമബോധവുമുള്ള ഒരു യുവ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിൽ സംഘടന പ്രവർത്തിക്കുന്നു. 44 ആൺകുട്ടികളും 44 പെൺകുട്ടികളുമാണ് ഈ സന്നദ്ധ സേനയിലുള്ളത്.

## സ്കൗട്ട്&ഗൈഡ്സ്

കുട്ടികളിൽ സന്നദ്ധ സേവനമനോഭാവവും സഹിഷ്ണുതയും വളർത്തുന്ന വിശ്വസാഹോദര്യ പ്രസ്ഥാനമായ ഭാരത് സ്കൗട്ട്&ഗൈഡ്സ് യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. സ്കൗട്ട് വിഭാഗത്തിൽ 32 അംഗങ്ങളും ഗൈഡ്സ് വിഭാഗത്തിൽ 64 കേഡറ്റുകളും പ്രവർത്തിക്കുന്നു.

## ജെ.ആർ.സി

ആരോഗ്യം,സേവനം, സൗഹൃദം എന്ന് മുദ്രാവാക്യമുയർത്തിപ്പിടിച്ചുകൊണ്ട് സേവന നിരതമായ പ്രവർത്തനങ്ങളുമായി ജെ.ആർ.സി ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ 50 വീതം അംഗങ്ങളുള്ള രണ്ടു യൂണിറ്റുകളും യു.പി വിഭാഗത്തിൽ 30 അംഗങ്ങളുള്ള ഒരു യൂണിറ്റും ഈ സന്നദ്ധ സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്

സ്കൂൾ പരിപൂർണ്ണമായും സാങ്കേതികവൽകരിക്കപ്പെടുന്നതിന്റെ ഭാഗമായി കുട്ടികളിൽ വിവര സാങ്കേതിക വിദ്യയിൽ ഗഹനമായ അറിവ് നേടുന്നതിന് എട്ടാം ക്ലാസിലെ തിരഞ്ഞെടുക്കപ്പെട്ട 40 കുട്ടികൾക്കായുള്ള സന്നദ്ധസംഘടന 'ലിറ്റിൽ കൈറ്റ്സ്' 2017 മുതൽ പ്രവർത്തനമാരംഭിച്ചു.

## പഠനപ്രവർത്തനങ്ങൾ

5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ അധ്യാപകരുടെ നേതൃത്വത്തിൽ വിജയോത്സവം പദ്ധതി നടന്നുവരുന്നു. പഠനപിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ്, മോണിംഗ്-ഈവനിംഗ് ക്ലാസ്സുകൾ, അവധിദിന ക്ലാസ്സുകൾ, പിയർ ഗ്രൂപ്പ് പഠനവികസന ക്ലാസുകൾ കൗൺസലിംഗ് കരിയർ ഗൈഡൻസ് ക്ലാസുകൾ പഠനമികവിനുള്ള സ്കോളർഷിപ്പുകൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് ആത്മ വിശ്വാസം പകരുന്നുണ്ട്.

## ജാഗ്രതാ സമിതി

നാലു ബ്രിഗേഡിയൻമാരുള്ള ക്ലാസ്തല ജാഗ്രതാസമിതി സ്കൂളിന്റെ അച്ചടക്കത്തിനും കുട്ടികളുടെ സുരക്ഷിതത്വത്തിനും ഏറെ സഹായകകരമാണ്.ക്ലബ്ബ് പ്രവർത്തനങ്ങൾ ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തിപരിചയ, സാമൂഹ്യശാസ്ത്ര, ഐ.ടി ക്ലബ്ബുകൾ ക്ലാസ് തലത്തിലും സകൂൾ തലത്തിലും പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകളുടെ നേതൃത്വ

ത്തിൽ വർഷം തോറും നടത്തിവരുന്ന സ്കൂൾ ശാസ്ത്രമേള, ഉപജില്ലാ, ജില്ലാ, സംസ്ഥാന മേളകൾക്ക് പ്രചോദനമാകാറുണ്ട്. കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്താനുതകുന്ന വൈവിധ്യമായ പരിപാടികളുമായി ഒരു ഹരിതസേന സ്കൂളിൽ പ്രവർത്തിക്കുന്നു. ഗാന്ധി ദർശൻ, ഹെൽത്ത് ക്ലബ്ബ, ഫിലിംക്ലബ്ബ്, ഇംഗ്ലീഷ് ലിറ്ററി ക്ലബ്ബ്, കരാട്ടെ ക്ലബ്ബ്, ഭാഷാവേദി, ടൂർ ക്ലബ്ബ്, മീഡിയ ക്ലബ്ബ് തുടങ്ങിയവ സ്കൂൾ പ്രവർത്തനത്തിന് ഊർജ്ജം പകകരുന്നുണ്ട്.

## വിദ്യാരംഗം കലാസാഹിത്യവേദി

കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനും സർഗ്ഗശേഷി ഉണർത്തുന്നതിനും നമ്മുടെ സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിച്ച വരുന്നു. നാഷണൽ പത്രം, നാഷണൽ ബ്ലോഗ്, ക്ലാസ് മാഗസിൻ , കലാമത്സരങ്ങൾഎന്നിവ ഇതിന്റെ കീഴിലാണ് നടക്കാറുള്ളത്.

## ലൈബ്രറി&റീഡിംഗ് റൂം

പതിനായിരത്തോളം പുസ്തകങ്ങളും നിരവധി ആനുകാലിക പ്രസിദ്ധീകരണങ്ങളും, ദിനപത്രങ്ങളും, റഫറൻസ് ഗ്രന്ഥങ്ങളും സ്കൂൾ ലൈബ്രറിയെ ആകർഷകമാക്കുന്നു, ക്ലാസ് തലത്തിലും അധിക വായനക്കായി ലൈബ്രറിയിൽ നിന്ന് നേരിട്ടും കുട്ടി കൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്. സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തി ക്കുന്ന റീഡിംഗ് കോർണറുകളും ക്ലാസ് തല വായന മൂലകളും കുട്ടികൾക്ക് ഏറെ വിജ്ഞാനപ്രദമാണ്.

## കായികം

വിശാലമായ ഒരു ഗ്രൗണ്ട് ഈ സ്കൂളിന്റെ അനുഗ്രഹമാണ്. ബാസ്കറ്റ് ബോള്, വോളി ബോൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയവ ഗെയിംസ് ഇനങ്ങളിലും അത്‌ലറ്റിക്ക് ഇനങ്ങളിലും നിത്യേന പരിശീലനം നൽകുന്നുണ്ട്. സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയരായ ഒട്ടേറെ കായിക താരങ്ങളെയും നിരവധി കായിക അധ്യാപകരെയും സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

### ലാബ് പ്രവർത്തനങ്ങൾ

യു.പി ഹൈസ്കൂൾ വിഭാഗങ്ങൾക്കായി വൈ.ഫൈ സംവിധാനത്തോടുകൂടിയ മൂന്ന കമ്പ്യൂട്ടര് ലാബുകളും 150 ഓളം കുട്ടികൾക്ക് ഇരിക്കാവുന്ന സ്മാർട്ട് റൂമും മികച്ച സയൻസ് ലാബും വിദ്യാർത്ഥികളുടെ പഠനം അനായാസകരമാക്കുന്നു.

### കല

ഉപജില്ല, സംസ്ഥാന കലോത്സവങ്ങളിൽ വിജയികളായ ഒട്ടേറെ കലാ പ്രതിഭകളെ സൃഷ്ടിക്കാൻ സ്കൂൾ കലോത്സവം വേദിയാകാറുണ്ട്. ഉപജില്ലാ തലത്തിൽ നിരവധി തവണ കിരീടം നേടുകയും ജില്ലാ സംസ്ഥാന തലത്തിൽ മികവു തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

### പി.ടി.എ

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൽ സുഖമാക്കുന്നതിന് പി.ടി.എ യുടെ സജീവ മായ പങ്കാളിത്തം ഒരു മുതൽക്കൂട്ടായി. മദർ പി.ടി.എ, ക്ലാസ് പി.ടി.എ സ്കൂൾ പ്രൊട്ട ക്ഷൻ ഗ്രൂപ്പ് എന്നിവ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

### സ്കൂൾ ജനാധിപത്യ വേദി, ക്ലാസ് സഭ

കുട്ടികളിൽ ജനാധിപത്യ ബോധം വളർത്തുന്നതിന് വേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരം സ്കൂൾ ജനാധിപത്യ വേദിയും ക്ലാസ് സഭയും പ്രവർത്തി ക്കുന്നു. ക്ലാസ് തലത്തിൽ നടത്തുന്ന ക്ലാസ് സഭകൾ ഭൗതിക സൗകര്യങ്ങളും പാഠ്യ വിഷയങ്ങളും വിശദമായി ചർച്ച ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കാറുണ്ട്.

### സ്കോളർഷിപ്പ്

പഠനത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്കായി സ്കൂൾ തലത്തിൽ പ്രൊഫി ഷൻസി വിതരണം ചെയ്യുന്നു. കൂടാതെ വിവിധ രീതിയിലുള്ള എൻഡോവ്മെന്റ് സ്കോളർഷിപ്പുകളും മറ്റ് പ്രോത്സാഹനങ്ങളും കുട്ടികളുടെ പഠന നിലവാരത്തെ മികച്ചതാക്കുന്നു.

കഥ



നാസർ കക്കട്ടിൽ

# പരിണാമം

ഡാർവിൻ മൗനിയായിത്തന്നെ നിന്നു.
'നൂറ്റാണ്ടുകൾ കഴിഞ്ഞല്ലോ. എന്താണ് നിങ്ങളുടെ സിദ്ധാന്തത്തിന്റെ ബാക്കി പത്രം? മനുഷ്യൻ അതേ നിൽപ്പ് തുടരുകയാണ്..!'
ജട പിടിച്ച മുഖമുയർത്തി ഡാർവിൻ പറഞ്ഞു :
'പുതിയൊരു കണ്ടെത്തലിലാണ് ഞാനിപ്പോൾ'
'എന്താണിത്?'
അയാൾ ആകാംക്ഷയോടെ തിരക്കി.
'ആരു പറഞ്ഞു മനുഷ്യൻ അതേ നിൽപ്പ് തുടരുകയാണെന്ന്?'
ഇത്രയും കാലം മനുഷ്യനെ നിരീക്ഷിച്ചുവരികയായിരുന്നു. ഞാൻ ശ്രദ്ധിച്ചു, അവന്റെ നഖങ്ങൾ അനുദിനംവളർന്നു വരുന്നു . മുഖത്തും ദേഹത്തുമൊക്കെ രോമങ്ങൾ മുളച്ചുപൊന്തുന്നു. അവന്റെ തൊലിക്ക്കട്ടികൂടുന്നു. നാവിന് നീളവും പല്ലുക്കൾക്കിടയിൽനിന്നും രണ്ടുതേറ്റകൾ പുറത്തേക്ക് വളരുന്നു.
കണ്ണുകളിൽനിന്ന് ആർദ്രത മാഞ്ഞ് ക്രൂരതനിഴലിക്കുന്നു....
പിന്നെ അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ...
ഇവരെപ്പോലും തിച്ചയറിയാനാവാതെ...'
'താങ്കളെന്താണീ പറഞ്ഞുവരുന്നത്. എനിക്കൊന്നും മനസ്സിലാവുന്നില്ലല്ലോ?'
അയാൾ ചോദിച്ചു പോവുകയായിരുന്നു.
അതെ എന്റെ സിദ്ധാന്തത്തിന്റെ ബാക്കിപത്രമിതാണ്
ചില മനുഷ്യർ രൂപാന്തരം പ്രാപിച്ചാണ് മൃഗങ്ങൾ ഉണ്ടാകുന്നതെന്ന്...

കവിത



# അമ്മ

അഭിരാമി ടി കെ
VII B

ആദ്യമായി  വീണത് അമ്മതൻ മടിയിൽ
ആദ്യമായി താങ്ങി നിർത്തിയതും അമ്മ തന്നെ.....
ആദ്യമായി  പാൽ പകർന്നുതന്നതും അമ്മ
ആദ്യമായി വാക്കു പഠിപ്പിച്ചുതന്നതും അമ്മ
ആദ്യമായി ചൊല്ലിയ വാക്കും അമ്മ
ആദ്യമായി കണ്ടതും അമ്മയെ തന്നെ
ഈ ലോകത്തിൽ സൃഷ്ടാവും അമ്മ തന്നെ
മാതൃസ്നേഹംപോൽ വേറൊരു സ്നേഹവും
ഈ ലോകത്തുമില്ലതാനും ..............

**Oil Paintings**



# സ്നേഹചിത്രങ്ങൾ

Sita Lakshmi
IX H





Oil Painting

Aysha Rimna
X F



# ജെ.ആർ.സി

വട്ടോളി: നാഷണൽ ഹയർസെക്കന്ററി സ്കൂളിലെ ജെ ആർ സി കാഡറ്റുകൾ വൃക്ഷതൈ നട്ടുകൊണ്ട് പരിസ്ഥിതി ദിനം ആചരിച്ചു. പ്രളയബാധിത ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നോട്ടുബുക്ക്, ബാഗ്, പെൻ, തുടങ്ങിയ പഠനോപകരണങ്ങൾ ശേഖരിച്ച് നൽകി. അദ്ധ്യാപകദിനത്തിൽ അദ്ധ്യാപകരെ ആദരിച്ചു. പൂർവ്വാദ്ധ്യാപകയായ ശ്രീമതി സരോജിനി ടീച്ചറെ ആദരിച്ചു.പ്രിൻസിപ്പൽ എ കൃഷ്ണൻ മാസ്റ്ററെ ആദരിച്ചു. മിനി ആയുർവേദ ഔഷധശാല സന്ദർശിച്ചു. ഭിന്നശേഷി ദിനം ആചരിച്ചു.ആഗസ്റ്റ് 8-ന് ഹിരോഷിമദിനം ആചരിച്ചു.









# ആകാശങ്ങൾ തേടി ലിറ്റിൽ കൈറ്റ്സ്

വട്ടോളി: സ്കൂളുകൾ സാങ്കേതികവത്കരിക്കുന്നതിന്റ ഭാഗമായി കുട്ടികളിൽ വിവര സാങ്കേതിക വിദ്യ വളർത്തുന്നതിനായ് വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവെച്ച ഐ.ടി. സന്നദ്ധസംഘടനയാണ് ലിറ്റിൽ കൈറ്റ്സ്. 27/6/2018-ന് കൈറ്റ് റീജ്യണൽ ഡയറക്ടറായ കെ.കുഞ്ഞികണാരൻ മാസ്റ്ററും,ജയദേവൻമാസ്റ്ററും നാഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കൈറ്റ് മാസ്റ്ററുടെയും മിസ്ട്രസ്സിന്റെയും നേതൃത്വത്തിൽ എല്ലാ ബുധനാഴ്ച്ചകളിലും ക്ലാസ് നടത്തിവരുന്നു. ആനിമേഷൻ നിർമ്മാണം, മലയാളം കമ്പ്യൂട്ടിങ് ,സ്ക്രാച്ച് എന്നിവയുടെ ക്ലാസ്സുകൾ നൽകി. 15/1/2019 മുതൽ റോബോട്ടിക് പരിശീലനവും ഇലക്ട്രോണിക് പരിശീലനവും തുടങ്ങി.4/8/2018-ന് യൂണിറ്റ് ക്യാമ്പ് നടത്തി സി.പി.സജിത അവർകൾ ഉദ്ഘാടനം നിർവ്വഹിച്ചു.കെ.പി ശശിധരൻ മാസ്റ്റർ, എൻ.വി.ചന്ദ്രൻ, പി.റീജ, കെ.പി.രജീഷ്, കൈറ്റ് മാസ്റ്റർ പ്രജീഷ്, കൈറ്റ് മിസ്ട്രസ്സ് കെ.രേഖഎന്നിവർ പരിപാടിയിൽ പങ്കാളികളായി. സെപ്റ്റംബർ 5 അധ്യാപകദിനത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ആശാലക്ഷ്മി, അംബിക എന്നിവർ പത്രവായന നടത്തി. കൈറ്റ് മാസ്റ്റർ ട്രെയ്നർ കെ.പി.സുരേഷ് മാസ്റ്റർ, ഐ.ടി.@ സ്കൂൾ അനുവദിച്ച ഉപകരണങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തി. അന്ന് വൈകീട്ട് ഔട്ട് ഡോർ പ്രവർത്തനങ്ങളുടെ ഭാഗമായ് പുറത്തുപോയി ഗ്രൂപ്പ് തിരിച്ച് നാടൻ കളികൾ കളിച്ചു.18/9/18-ന് സബ്ബ് ജില്ലാ ക്യാമ്പ് സെലക്ഷൻ നടത്തി. കൈറ്റ്സിൽ നിന്നും എട്ടുപേരെ സെലക്റ്റ് ചെയ്തു. കാളിദാസൻ, സൂർജിത്ത്,അമയ ചന്ദ്രൻ, ശ്രീലക്ഷ്മി, എന്നിവരെ പ്രോഗ്രാമിങ്ങിലേക്കും തീർത്ഥ, വൈഷ്ണ, ദിനജ്യോത്, അനിരുദ്ധ് എന്നിവരെ ആനിമേഷനിലേക്കും തിരഞ്ഞെടുത്തു. 1/11/18-ന് നാഷണൽ ഹയർ സെക്കൻഡറിയിൽ കൈറ്റ്സ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു.15/11/18-ന് ഭിന്നശേഷി സംരക്ഷണ റാലിയും വൈവിധ്യമാർന്ന ഐ.ടി. പരിപാടികളും നടത്തി. 17/11/18-ന് പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി അഭിനയക്കളരിയും, ചിത്രരചനാ മത്സരവും നടത്തി. 27,28 തിയ്യതികളിൽ ഡിജിറ്റൽ മാഗസീനിനുവേണ്ടി

പ്രത്യേക ക്യാമ്പ് നടത്തി. 27,28 തിയ്യതികളിൽ ആശാലക്ഷ്മി, ശിവചന്ദന, കാളിദാസൻ, ഷെർലിൻ, എന്നിവർ വാർത്താനിർമ്മാണ ക്യാമ്പിൽ പങ്കാളികളായി.






# എസ് പി സി

പൗരബോധവും ദേശസ്നേഹവും അച്ചടക്കവും നിയമബോധവുമുള്ള ഒരു യുവ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിൽ ഈ സംഘടന പ്രവർത്തിക്കുന്നു. 44 ആൺകുട്ടികളുമാണ് 44 പെൺകുട്ടി കളുമാണ് ഈ സന്നദ്ധ സേനയിലുള്ളത്. 2018 ലെ SPC നമ്മുടെ സ്കൂളിൽ ഒരുപാട് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ കേരളത്തെ തളർത്തിയ ദുരന്തമായിരുന്നു പ്രളയം. അതിനൊരു കൈതാങ്ങുമായി SPC കുട്ടികൾ മുന്നോട്ടുവന്നു. പ്രളയ ദുരിതാ ശ്വാസത്തിന് അവർ ഫണ്ട് സ്വീകരിച്ചു. അതിഗംഭീരമായ പരിശീലനങ്ങളിലൂടെ SPC വിദ്യാർത്ഥികളുടെ മികവ് കൂട്ടുതൽ വാർത്തെടുക്കുകയാണ് ചെയ്തത്. രാവി ലത്തെ യോഗാ ക്ലാസും വൈകുന്നേരത്തെ പരേഡും SPC വിദ്യർത്തികളിൽ കൂടതൽ ഊർജ്ജം പകർന്നു. കെ.വി റിനീഷ് കുമാർ, സുനിത, കുഞ്ഞു മോൾ, നാണു കാപ്പുമ്മൽ തുടങ്ങിയവരുടെ നേതൃതത്തിൽ SPC വിദ്യാർത്ഥികൾ വട്ടോളി കനാൽ പാലത്തിന്റെ ഇരുവശങ്ങളിലെയും കാട് വെട്ടിതെളിച്ചു. 2018 ൽ ഡോ. സുധീഷ് വ്യക്തിത്വ വികസന ക്ലാസ് നൽകി. കേരളം ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് പ്ലാസ്റ്റിക് മാലിന്യം. അതിനെതിരെ SPC വിദ്യാർത്ഥികൾ ഒരു ചിത്രരചന മത്സരം സംഘടിപിച്ചു. ശിശുദിനത്തിൽ അവർ കുട്ടികളോടൊപ്പം ആഘോഷിക്കാൻ മറന്നില്ല. കസ്തൂർബാ അംഗനവാടിയിലെ കുട്ടികളോടൊപ്പമായിരുന്നു അവർ ശിശുദിനം ആഘോ ഷിച്ചിരുന്നത്. കേരളത്തിൽ എന്നെന്നും അശാന്തി നിലനിന്നിരുന്നു. ഇതിനെതിരെ SPC വിദ്യാർത്ഥികൾ തെരുവിൽ ഇറങ്ങി. പ്രകൃതിയെ എന്നെന്നും സംരക്ഷിക്ക ണമെന്നും അത് നമ്മുടെ ജീവശ്വാസമാണെന്നും എല്ലാവരെയും ബോധ്യപ്പെടുത്താൻ അവർ മുന്നിൽ നിന്നു.

അവർക്ക് സഹായവുമായി നമ്മുടെ അധ്യാപകർ അവരുടെ കൂടെ ഉണ്ടായിരുന്നു. SPC വിദ്യാർത്ഥികൾക്ക് ഊർജ്ജവും കരുത്തായും അവർക്കൊപ്പം എന്നും SPC മാസ്റ്ററായ റിനീഷ് സാറും SPC മിസ്ട്രിസ്സായ സുനിത ടീച്ചറും ഒപ്പമുണ്ടാ യിരുന്നു.













# എൻ.സി.സി ക്ക് സുവർണ്ണ തിളക്കം

വട്ടോളി: കമാന്റിംങ്ങ് ഓഫീസർ കേണൽ ജയദീപ് ശർമ്മ സ്കൂളിൽ എത്തി. ഈ വർഷത്തെ എൻ.സി.സി. കേഡറ്റുകളെ തിരഞ്ഞെടുത്തു. സെപ്റ്റംബർ 29-ന് സർജിക്കൽ സ്ട്രൈക്ക് ഡേ ആചരിച്ചു. കേഡറ്റുകൾക്ക് 30-കേരള ബറ്റാലിയനിലെ P-A സ്റ്റാഫ് സ്കൂളിൽ എത്തി, ഇന്ത്യ നടത്തിയ സർജിക്കൽ സ്ട്രൈക്കിന്റെ വീഡിയോ പ്രദർശനവും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഗാന്ധിജയന്തി ദിനത്തിന്റെ സ്വച്ഛ ഭാരത് മിഷൻ സ്കൂളിലെ എൻ.സി.സി കാഡറ്റുകൾ സ്കൂൾ വൃത്തിയാക്കി കൊണ്ട് ആചരിച്ചു. ഇതുമായി ബന്ധപ്പെട്ട് ക്ലാസ്റൂമിൽ നിന്നും വേസ്റ്റ് പെൻ ശേഖരണം നടത്തി. 9-H ലെ അനപ്രിയ.ടി.അശോക് ഡൽഹിയിൽ വച്ച് നടത്ത തൽസയിനിക്ക് ക്യാമ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് എൻ.സി.സി യുടെ അഭിമാനമായ.ദേവനന്ദിനി അനീഷും, നയനാ.ജി.സുനിലും പയ്യന്നൂർ വച്ച് നടന്ന" ഏക ഭാരത്-ശ്രേഷ്ഠ ഭാരത്" മഹാരാഷ്ട്ര യും കേരളവും ഒന്നിച്ച് നടത്തിയ ക്യാമ്പിൽ പങ്കെടുത്തു.





# സ്കൗട്ട് & ഗൈഡ്സ്

ജൂലൈ ആഗസ്റ്റ് മാസത്തിൽ നേരിടേണ്ടി വന്ന മഹാ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ നികത്താൻ guide-സിന്റെ ആഭിമുഖ്യത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് ഒരു തുക സംഭാവന ചെയ്തു. 2018 നവംബർ 7 മുതൽ നവംബർ 14 വരെ ദി കേരള സ്റ്റേറ്റ് ഭാരത് സ്കൗട്& ഗൈഡ്സ് വടകര ജില്ലാ അസോസിയേഷൻ പ്രകൃതി സൗഹൃദ സൈക്കിൾ റാലി സംഘടിപ്പിച്ചു. വിജയ കുമാർ മാസ്റ്റർ ഈ പരിപാടി ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം ചെയ്തു.Scout&Guides ന്റെ ആഭിമുഖ്യത്തിൽ സ്കൂളിനുവേണ്ടി നെൽകൊയ്ത്ത് നടത്തി. Guides-നേതൃത്വം നൽകി സ്കൂൾ പരിസരം വൃത്തിയാക്കി.














അനുഭവകുറിപ്പ്



# എന്നും തികട്ടുന്ന കടുക്ക ഫ്രൈ

പ്രജീഷ് എ. തളീക്കര

**കോ**ഴിക്കോട് മോഡൽ സ്കൂളിൽ മെയ് 25 മുതൽ 28 വരെ ഐ ടി ഡി ആർ ജി ട്രെയിനിംഗ് നടന്നു വരികയാണ്. കുറ്റ്യാടി യിൽ നിന്നും സർവ്വശ്രീ സുരേഷ് , ജയദേവൻ, മഹേഷ് ,അസ്സൻകോയ എന്നീ മാസ്റ്റർ ട്രെയിനർ മാരുടെ കൂടെ ഒന്നര മണിക്കൂർ എ സി കാർ യാത്ര ഗ്രാന്റായി പോവുകയാണ്. നിലവിട്ട ചർച്ചകൾ ഉപ്പൂറ്റി മുതൽ മൂർദ്ധാവ് വരെ കത്തിക്കയറാറുണ്ട്, ചിലപ്പോൾ കത്തിയമരാറുണ്ട്. ദൂരെ നിന്നും വരുന്നതു കൊണ്ടായിരിക്കാം കുറച്ച് വൈകിയാലും ആർ പി മാരായ രാജേന്ദ്രൻ മാഷും മോഹനകൃഷ്ണൻ മാഷും കണ്ണുരുട്ടാതെ കണ്ണു ചിമ്മുന്നതായി തോന്നും.

ഇടവേളകളിൽ മുനീറും സുരാജുമൊത്ത് മസാല ചായ, മിൽക്ക് സർബത്, രസഗുള , പാരഗണിൽ ബീഫും പൊറോട്ടയും. 12000 ത്തിന്റെ ബഡ്മിന്റൺ റാക്കറ്റ മന്വേഷിച്ച് മാനാംചിറയും ചുറ്റി കിഡ്സൺ കോർണറിലൂടെ ഒയാസിസ് കോമ്പൗണ്ടി ലെ ആഫി സ്റ്റോർ വരെയും സ്റ്റേഡിയ ത്തിലെ യോനക്സ് വരെയും മറ്റൊരു ദിവസം ബി ഇ എം ചർച്ചിനടുത്തുള്ള കൊച്ചിൻ ബേക്കറിയിലും വിട്കോ യിലുമൊക്കെ ഞങ്ങൾ കറങ്ങി നടന്നു. ദിവസം 250 കിട്ടുന്നിടത്ത് 500 ന്റെ ചെലവ്. സോ കോൾഡ് സ്റ്റാന്റേഡ് കളിമാത്രം. ട്രെയിനിങ്ങിന്റെ അവസാന ദിവസം ബ്രെയ്ക്കിന് ചായ കുടിക്കാനിറങ്ങിയപ്പോൾ ,വേണ്ട മിൽക് സർബത്ത് കുടിക്കാമെന്ന് പറഞ്ഞത് സുരാജും മുനീറുമാണ്. പാരഗൺ ഹോട്ടലിന് എതിർവശം വളരെ ദരിദ്രമായ അന്തരീക്ഷത്തിൽ സർബത്ത് കച്ചവടം പൊടിപൊടിക്കുകയാണ്. തിരക്കിനിടയിൽ ഒരു കാൽ വരാന്തയിൽ തിരുകിക്കയറ്റി മിൽക് സർബത്ത് മിക്സിംഗ് കാണുകയാണ്. രണ്ടു കൈയും നീട്ടി രണ്ട് തണുത്ത ളുവെള്ള ഗ്ലാസ് വാങ്ങിക്കഴിച്ച് ഞാനും സുരാജും

റോഡിലിറങ്ങി. ഒരു യാചക സ്ത്രീ വന്ന് കൈ നീട്ടിയപ്പോൾ, ലേശം പൊളിവാണെന്നു പറഞ്ഞ് അവരെ സ്റ്റാന്റേഡായൊന്നാട്ടിപ്പറഞ്ഞയച്ചു. തണുപ്പില്ലാത്തതും കഴിച്ച് മുനീർ വന്നു. മതിയാവില്ല എന്ന തോന്നലിൽ പാരഗണിന്റെ സ്നാക്ക്സ് ബോക്സിലേക്കൊരെത്തിനോട്ടം, വേണ്ട അടുത്ത ബേക്കറിയിൽ നിന്നും മൂന്ന് മൈസൂർ പാക്ക് ; മുപ്പത് രൂപ.

ഡി ആർ ജി ക്ലാസിൽ നാലാം ദിവസവും സമഗ്ര കത്തിക്കയറി. exe യും Javahotpotato യുമൊക്കെ ബോറഡിപ്പിച്ചു. ഇൻകംടാക്സ് കാന്റീനിലെ ഭക്ഷണം കഴിക്കാമെന്ന് പറഞ്ഞ മോഹനകൃഷ്ണൻ മാസ്റ്ററെ തിരസ്കരിച്ച് ഞങ്ങളെല്ലാവരും ഒന്നരക്ക് പാരഗണിലേക്ക് . പീക് ടൈമിൽ കല്യാണ വീട്ടിൽ പോയതുപോലെ ഓരോ സീറ്റിനു പിന്നിലും ഒന്നും രണ്ടും പേർ ക്യൂ. സുരാജാണ് പറഞ്ഞത് നമുക്ക് ഏ സി യിൽ കയറാം എന്ന്. റോഡിലിറങ്ങി ഏ സി യിലേക്ക്, രക്ഷയില്ല അവിടെയും അന്തംവിട്ട തിരക്ക്! പുറത്തിറങ്ങി വീണ്ടും നോൺ ഏ സി യിലേക്ക് . ലക്കിലി വി ഗോട്ട് എ ടേബിൾ ! മീൽസും കടുക്ക ഫ്രൈയും ഓഡർ ചെയ്തത് മുനീറാണ്. വലതുഭാഗത്തെ ജാലകത്തിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ച. തൊട്ടടുത്ത ഓവർ ബ്രിഡ്ജിനു ചുവട്ടിൽ ചുവന്ന ഹെൽമെറ്റും ടൈയും ധരിച്ച് ബൈക്കിലെത്തിയ ഒരു ചെറുപ്പക്കാരൻ, ഞങ്ങൾ സർബത്ത് കുടിക്കാൻ ചെന്നപ്പോൾ ആട്ടിയകറ്റിയ ഏകദേശം എഴുപത്തിയഞ്ച് വയസ് പ്രായം തോന്നിക്കുന്ന ആ യാചക സ്ത്രീയുടെ കൈയിൽ ശക്തിയായി പിടിച്ച് വലിച്ച് നടക്കുന്നു. സ്ത്രീ പിന്നോട്ട് വലിയുന്നതു പോലെ തോന്നുന്നുണ്ട്. കൺകോണിലേക്ക് ചുളിവു ബാധിച്ച ആ മുഖത്ത് കരച്ചിലാണോ? കറുപ്പചട്ടക്കണ്ണട വെച്ച കറുത്ത താടിയുള്ള ആ കറുത്ത യുവാവ് വെളുത്ത തലമുടിയും മൂക്കുത്തിയും മറുകൈയിൽ ഒരു പ്ലാസ്റ്റിക് സഞ്ചിയുമുള്ള സ്ത്രീയെ പിടിവിടാതെ ഹോട്ടലിലേക്ക് കയറി വന്നു. അവർ ചിരിക്കുന്നു! വളരെ ആധികാരികമായി ആ ചെറുപ്പക്കാരൻ ഒഴിഞ്ഞ രണ്ടു സീറ്റുകളിലൊന്നിൽ പാതി നിറച്ച പ്ലാസ്റ്റിക് സഞ്ചിയും അടുത്തതിൽ തന്റെ ചുവന്ന ഹെൽമെറ്റും വെച്ച് കൈ കഴുകി വന്നിരുന്നു. ആളുകൾ പലരും അവരുടെ വൈരുദ്ധ്യാത്മക രസതന്ത്രം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഞാനാകെ അസ്വസ്ഥനായി. ആ ചെറുപ്പക്കാരൻ ആ തെരുവിന്റെ കറുത്തമ്മയ്ക്കുവേണ്ടി ബിരിയാണി ഓഡർ ചെയ്യാൻ വിഫലശ്രമം നടത്തുമ്പോൾ അതുവരെ എന്റെ ആമാശയത്തെ തഴുകിയിറങ്ങിയ കടുക്ക ഫ്രൈ മിൽക്ക് സർബത്തിൽ നുരഞ്ഞുപൊങ്ങി ആട്ടിയ തൊണ്ടയിൽ തികട്ടി തികട്ടി വരുന്നുണ്ടായിരുന്നു. പകുതിയായിപോയല്ലോ മുനീറേ എന്നു പറഞ്ഞപ്പോൾ, പകുതിയല്ല... ഇല്ലാണ്ടായിപ്പോയി... എന്നവനും.

ഭക്ഷണം എനിക്ക് മുഴുമിപ്പിക്കാനായില്ല. മനസാന്നിദ്ധ്യം വീണ്ടെടുത്ത് പ്രായശ്ചിത്തം ചെയ്യാൻ, അവരുടെ ബില്ലടയ്ക്കാൻ കൗണ്ടറിൽ ചെന്നപ്പോഴേക്കും ആ യുവത്വത്തിന്റെ വേഗത എന്നെ വെല്ലുന്നതായിരുന്നു. വേഗം പുറത്തിറങ്ങി അവരെ കാത്തു നിന്നു. ചുവന്ന ഹെൽമെറ്റും ധരിച്ച് ആ അമ്മയുടെ കൈയും പിടിച്ച് അദ്ദേഹം പുറത്തേക്ക്. പരിചയപ്പെട്ടു, ദീപക്, കോഴിക്കോട് മായനാടു നിന്ന് - കൗശൽ കേന്ദ്രയിൽ ട്രെയിനർ. അമ്മ കറുത്തായ് സേലത്തു നിന്നും എപ്പോഴോ പാളയത്ത് വന്നതാണ്. തനിച്ച് അവിടെ എവിടെയോ താമസം. 'അദ്ധ്വാനിച്ച് ജീവിക്കുന്ന അമ്മയാണ്.' ദീപകിന്റെ കരുത്തുറ്റ വാക്കുകൾ.

ആ അമ്മ ഞങ്ങളുടെ അടുത്ത് ഇന്ന് ചുളിവാർന്ന കൈകൾ നിവർത്തിയത് വയ്യായ്ക കൊണ്ടായിരിക്കും. പുറത്ത് അത്രയ്ക്ക് ചുട്ടുപൊള്ളുകയാണ്. അകം പതിന്മടങ്ങ് വേവുകയാണ്. അറിയാതെ രണ്ടു പേരുടെയും കൈ പിടിച്ചു പോയി. എന്റെ മൊബൈൽ ക്യാമറയ്ക്കു മുന്നിൽ കെട്ടിപ്പിടിച്ചൊരു പോസ്. ഈ കൊടും ചൂടിലും എന്റെ മനസ്സ് മരവിച്ചു തന്നെ. ദീപക്.... കറുത്തമ്മാ.... കുമ്പിട്ടു നമിക്കുന്നു...... കടുക്ക ഫ്രൈ തികട്ടിക്കൊണ്ടേയിരുന്നു......

# സ്കൂൾ കലോത്സവം

## 2018-19

സ്കൂൾ കലോത്സവം HS/UP വിഭാഗങ്ങളിൽ നാല് ഗ്രൂപ്പുകളായി തിരിച്ച് എല്ലാ കുട്ടിക ൾക്കും അവസരം നൽകി വളരെ ഭംഗിയായി നടത്താൻ സാധിച്ചു. ക്ലാസ് സമയം നഷ്ടപ്പെടുത്താത്ത രീതിയിൽ ഒഴിവു ദിവസങ്ങൾ പ്രയോജനപ്പെടുത്തി സ്റ്റേജിതേതര മത്സരങ്ങളും, സ്റ്റേജ് മത്സരങ്ങൾ 4 വേദികളിലായി ഒരു ദിവസം കൊണ്ട് സമയബന്ധി തമായി നടത്താനും സാധിച്ചു. UP വിഭാഗത്തിന് സ്കൂൾ തല മത്സരം മാത്രമേ ഉണ്ടായി രുന്നു. ഇതു എന്നതിനാൽ എല്ലാ വിദ്യാർത്ഥികൾക്കും, അവസരം നൽകുന്ന രീതിയിൽ offstage മത്സരങ്ങളും, വ്യക്തിഗത ഇനങ്ങളും, ഒപ്പന, തിരുവാതിര, സംഘഗാനം, തുടങ്ങിയ ഗ്രൂപ്പ് മത്സരങ്ങളും നടത്തി. ഇതിൽ 1,2,3 സ്ഥാനം നേടിയ വിദ്യാർത്ഥികൾ ക്കുള്ള സർട്ടിഫിക്കറ്റുകൾ എല്ലാ ആഴ്ചകളിലും നടത്തിവരുന്ന അസംബ്ലിയിൽ വച്ച് വിതരണം ചെയ്ത് വരുന്നു.

നമ്മുടെ സ്കൂളിൽ വച്ച് ഒക്ടോബർ 31, നവംബർ 1 തീയ്യതികളിൽ നടന്ന ഉപജില്ലാ കലോത്സവത്തിൽ HSS വിഭാഗത്തിൽ 82 മത്സര ഇനങ്ങളിൽ നിന്ന് 202 കലാപ്രതി ഭകൾ മത്സരിക്കുകയുണ്ടായി. അതിൽ 30 മത്സര ഇനങ്ങളിൽ 1$^{st}$ A Grade കരസ്ഥ മാക്കി ജില്ലാ മത്സരത്തിലേക്ക് യോഗ്യത നേടിയപ്പോൾ , 18 മത്സര ഇനങ്ങൾ 2$^{nd}$ A Grade ലഭിച്ചു. വളരെ പ്രശംസാർഹമായ നേട്ടമാണ്. 5 മത്സരഇനങ്ങൾ 3$^{rd}$ A Grade നേടി.

നവംബർ 21,22,23 ദിവസങ്ങളിൽ വച്ച് നടന്ന ജില്ലാ കലോത്സവത്തിൽ 106 പ്രതിഭകൾ മത്സരിക്കുകയുണ്ടായി. അതിൽ പെൺകുട്ടികളുടെ ലളിതഗാന മത്സരത്തിൽ 8.K പഠിക്കുന്ന ഗൗരികൃഷ്ണ 1$^{st}$ A Grade കരസ്ഥമാക്കി സംസ്ഥാനതലത്തിലേക്ക് യോഗ്യത നേടി എന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം വളരെ ആഹ്ളാദകരമായ ഒന്നാണ്. ഈ അവസരത്തിൽ

ഗൗരി കൃഷ്ണയെ പ്രത്യേക അഭിനന്ദനങ്ങൾ അറിയയിക്കുന്നു.കൂടാതെ , കാവ്യകേളി, അടിക്കുറിപ്പ്, മോണോആക്ട് എന്നീ മത്സര ഇനങ്ങൾക്ക് 2nd A Grade നേടിയപ്പോൾ. 16 മത്സര ഇനങ്ങൾ A Grade സ്വന്തമാക്കി എന്നുള്ളതും നമ്മുക്ക് ഏറെ അഭിമാനിക്കാൻ വകയുള്ളതാക്കുന്നു.

കലാമേളയിൽ പങ്കെടുത്ത എല്ലാ പ്രിയ വിദ്യാർത്ഥികൾക്കും, മികച്ച വിജയം നേടിയ എല്ലാ കലാ പ്രതിഭകൾക്കും എല്ലാവിധ അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം, പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപക, അധ്യാപികമാർക്കും, ഞങ്ങൾ മാർഗ്ഗനിർദ്ദേശം നൽകിയ H.M In Charge റീജ ടീച്ചർക്കും , P.T.A ഭാരവാഹികൾക്കും നന്ദിയും, കടപ്പാടും അറിയിക്കുന്നു.





# വിജയരഥത്തിലേറി



നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വട്ടോളി
സംസ്ഥാനതല വിജയികൾ (HS)
ഐ.ടി മേള
ഗണിത മേള
പ്രവൃത്തി പരിചയ മേള
കലാമേള
കായികമേള
എൻ.സി.സി
വിദ്യാരംഗം
ഊർജ്ജോത്സവം
ആശാലക്ഷ്മി. ഡി. എസ്
I.T PROJECT
STATE 1st A GRADE
സ്റ്റെസി റിയാന
OTHER CHART
STATE 2nd A GRADE
ശ്രീലക്ഷ്മി എസ്.
GAMES
STATE 4th A GRADE
ശ്യാമ സുനിൽകുമാർ
SINGLE PROJECT
STATE 4th A GRADE
സിതാലക്ഷ്മി
DOLL MAKING
STATE 3rd A GRADE
ഷാബിൻ എം.
WOOD WORK
STATE A GRADE
അഞ്ജന കെ.വി.
REXINE & LEATHER PRODUCT
STATE A GRADE
ഗൗരി കൃഷ്ണ ഇ
LIGHT MUSIC
STATE A GRADE
റോഷിൻരാജ്
UNDER 17 CRICKET
STATE A GRADE
അനുപ്രിയ ടി. അശോക്
TAL SAINIK CAMP
NEW DELHI
ജൂലിയ എം.എൽ
BOOK APPRECIATION
DT. 2nd A GRADE
നേഹ സജീവ്
PAINTING
STATE A GRADE
വിജയികൾക്ക് അഭിനന്ദനങ്ങൾ
STAFF, STUDENTS,PTA & MANAGEMENT




നാഷണൽ ഹയർസെക്കണ്ടറി സ്കൂൾ വട്ടോളി
യു.എസ്.എസ്. വിജയികൾ – 2018
State Level Gifted Students
അഹ്‌ലം അബ്ദുല്ല
D/o അബ്ദുല്ല, കടിയങ്ങാട്
മേഘ്ന മനോജ്
D/o മനോജ് കുമാർ, കക്കട്ടിൽ
നേഹ സജീവ്
D/o സജീവ് കുമാർ, വടയം
മനുപ്രിയ എം
D/o മനോജൻ, തൊടേരി
ഹരിതിവിജേഷ്
D/o വിജേഷ് വി, നരിക്കൂട്ടുംചാൽ
ജഗന്നാഥ് ബി
S/o ബിജീഷ്, തളിയിൽ
റഫ്നഫാത്തിമ
D/o ഇബ്രായി, പാതിരിപ്പറ്റ
സംവേദ ആർ
D/o റിനീഷ്കുമാർ, വട്ടോളി
» ഉപജില്ലയിൽ ഒന്നാം സ്ഥാനം
» ജില്ലയിൽ മികച്ച വിജയം
അഭിനന്ദനങ്ങൾ
Management, PTA & STAFF






07-10-2018 15:53

# ക്ലബ്ബ് സിംഫണി


WORK EXPERIENCE
CLUB
SCIENCE
MATHS CLUB
Daffodils
Mathrubhumi
Seed
Student Empowerment for Environmental Development
NHSS VATTOLI









Painting



# എന്റെ വീട്

അമൽ ആർ
V E



# വാർത്തകളിൽ



## സീഡ് പെൻബോക്സ് ക്ലാസുകളിലേക്ക്

**വട്ടോളി ▸** മാതൃഭൂമി സീഡ് നടത്തുന്ന ലവ് പ്ലാസ്റ്റിക് പദ്ധതിയുടെ ഭാഗമായി നാഷണൽ എച്ച്.എസ്. വട്ടോളിയിലെ സീഡ് ക്ലബ്ബ് അംഗങ്ങൾ ക്ലാസുകളിൽ നിന്ന് ഉപയോഗശൂന്യമായ പേനകൾ ശേഖരിക്കുന്നു.

ഇതിനായി സ്കൂളിൽ പെൻബോക്സ് വിതരണം ചെയ്തു. സെപ്റ്റംബറിൽ സീഡ് ക്ലബ്ബ് നടത്തുന്ന പ്ലാസ്റ്റിക് ശേഖരണത്തിന്റെ തുടക്കമായാണിത്. സ്കൂൾ കോമ്പൗണ്ടിൽ നിന്നും വീട്ടുപരിസരത്തുനിന്നും ശേഖരിക്കുന്ന പേനകൾ പ്രദർശിപ്പിക്കാനും പ്ലാസ്റ്റിക് മാലിന്യം മണ്ണിലേക്ക് വലിച്ചെറിയുന്ന രീതി നിരുത്സാഹപ്പെടുത്താനും ബോധവത്കരണം നടത്തും.

സീഡ് പ്രവർത്തകരായ അഭിജിത്ത്, ഋതുനന്ദന, ഇഷാൻ തുടങ്ങിയവർ നേതൃത്വം നൽകി.

▶ വട്ടോളി എൻ.എച്ച്.എസ്.എസിൽ പ്ലാസ്റ്റിക് പദ്ധതിയുടെ ഭാഗമായി ഉപയോഗശൂന്യമായ പേനകൾ ശേഖരിക്കാനുള്ള പെൻബോക്സുമായി സീഡ് ക്ലബ്ബ് അംഗങ്ങൾ

IBPS/SSC/PSC മത്സരപരീക്ഷ ഏതായാലും ഡയറക്ഷൻ തന്നെ ഒന്നാമത്

IBPS | SSC-CGL TIER-I 2018



2018 നവംബർ 26 • തിങ്കളാഴ്ച മാതൃഭൂമി

നാട്ടുവർത്തമാനം 07

## ഭിന്നശേഷിക്കാർക്ക് വിവരസാങ്കേതികവിദ്യ: ആശാലക്ഷ്മിയുടെ പദ്ധതിക്ക് ഒന്നാംസ്ഥാനം

**വട്ടോളി ▸** സംസ്ഥാന സ്കൂൾ ഐ.ടി. മേളയിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ഐ.ടി. പഠനം ഉറപ്പുവരുത്തുന്ന പദ്ധതി അവതരിപ്പിച്ച വട്ടോളി നാഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഡി.എസ്. ആശാലക്ഷ്മി ഒന്നാംസ്ഥാനം നേടി. 'ഭിന്നശേഷിയുള്ളവരിൽ വിവരസാങ്കേതിക വിദ്യ' എന്ന പദ്ധതിയിലൂടെ ഭാഷ, ഗണിതം, ശാസ്ത്രം, കല, കായികം തുടങ്ങിയ മേഖലകളിൽ പിന്നാക്കമുള്ള വിദ്യാർഥികളെ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ടാബ്, മൊബൈൽ ഫോൺ എന്നീ വിവരവിനിമയ സങ്കേതങ്ങളിലൂടെയും സ്വതന്ത്ര സോഫ്റ്റ് വേറുകളുടെ സഹായത്താലും ഉയർത്തിക്കൊണ്ടുവരികയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

മൂന്നുവർഷമായി ഇത്തരം വിദ്യാർഥികൾക്ക് ഇൻസൈറ്റ് എന്ന പേരിൽ ഒരു ക്ലബ്ബ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. ഭിന്നശേഷിക്കാരായ വിദ്യാർഥികൾ സാധാരണ ക്ലാസ്സുറികളിലും ലാബ്, ലൈബ്രറികളിലും പാർശ്വവത്കരിക്കപ്പെടുന്നത് പതിവുകാഴ്ചയാകുന്നതിൽ നിന്നും ഇൻസൈറ്റ് പോലുള്ള ക്ലബ്ബുകൾ പരിഹാര മാർഗമാണ്.

ഭിന്നശേഷി വിദ്യാർഥികൾക്കുമാത്രമായി ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുക എന്ന ആശയവും പദ്ധതി മുന്നോട്ട് വെക്കുന്നു. ആശാലക്ഷ്മിയുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഈ ആവശ്യമുന്നയിച്ച് വിദ്യാഭ്യാസമന്ത്രിക്ക് ഇ-മെയിൽ അയച്ച് മറുപടിക്കായി കാത്തിരിക്കുകയാണ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കോ-ഓർഡിനേറ്റർ എ. പ്രജീഷിന്റെ സഹായത്തോടെയാണ് പദ്ധതി തയ്യാറാക്കിയത്.

ഡി.എസ്. ആശാലക്ഷ്മി

സി.പി.എം.

ബൈഫി ജനകീയകൂട്ടായ്മ നടത്തി

# സ്നാപ്ഷോട്ട്സ്





















Kerala Health
2018
by

